# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2884**.

**13-03-2018 ൽ മറുപടിയ്ക്ക്**

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ കാര്യത്തിലും നെല്ലുൽപ്പാദനത്തിലും കുറവു വന്നുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കാര്യമായി കുറഞ്ഞു വരുന്നത്; നെല്ലുൽപ്പാദനത്തിൽ കാര്യമായി കുറവു വന്ന ജില്ലകൾ ഏതൊക്കെയാണ്; | (ബി) | ഇക്കോണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം കഴിഞ്ഞ 5 വർഷത്തെ നെൽകൃഷി വിസ്തൃതിയും നെല്ലുത്പാദനവും സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. 2016-17 വർഷത്തിൽ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലം നെൽകൃഷിയിൽ 50917.62 ഹെക്ടർ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്. കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ സാധിച്ചിട്ടുണ്ട്.<br>2012-13 ലെയും 2015-16 ലെയും കണക്കുകൾ പരിശോധിച്ചാൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ മാത്രമാണ് വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത്.<br>നെൽകൃഷി വിസ്തൃതിയിൽ ഉണ്ടായ വ്യതിയാനമാണ് ഉല്പാദനം കുറഞ്ഞതിനു പ്രധാന കാരണം. ആയതിനാൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, |

| | | | |
|---|---|---|---|
| | | | ഇടുക്കി, കണ്ണൂർ ജില്ലകളിൽത്തന്നെയാണ് ഉല്പാദനത്തിലും കുറവ് വന്നിട്ടുള്ളത്. |
| (സി) | നെല്ലുൽപാദനത്തിൽ കുറവു വരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തുകയുണ്ടായോ; | (സി) | നെൽകൃഷി വിസ്തൃതിയിലുണ്ടാകുന്ന കുറവാണ് ഉല്പാദനം കുറഞ്ഞതിന് പ്രധാന കാരണം. ഇതിനുപുറമേ കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം നെൽമണികൾ രൂപപ്പെടുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതിനും ഉത്പാദനം കുറയുന്നതിനും കാരണമാണ്. |
| (ഡി) | 13-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കർഷകർക്ക് കൂടുതൽ ആകർഷകമാകത്തക്ക വിധത്തിലാണ് 13-ാം പഞ്ചവത്സരപദ്ധതിയിൽ നെൽകൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. തരിശുനില കൃഷി, കരനെൽകൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിങ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം 13-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ.യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കും. ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽകൃഷി വികസന പദ്ധതിയ്ക്കായി 70 കോടി രൂപ വകയിരുത്തി നടപ്പിലാക്കിവരുന്നു. തരിശുനിലകൃഷി, കരനെൽകൃഷി എന്നിവയെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### നെൽകൃഷി വിസ്തൃതി (ഹെക്ടർ)

| ജില്ല | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|
| തിരുവനന്തപുരം | 1816 | 2001 | 2093 | 2119 | 1392 |
| കൊല്ലം | 1387 | 1363 | 1327 | 1555 | 1302 |
| പത്തനംതിട്ട | 2280 | 2467 | 2592 | 2534 | 2640 |
| ഇടുക്കി | 1176 | 661 | 697 | 887 | 695 |
| കോട്ടയം | 17571 | 15746 | 17295 | 16272 | 17216 |
| ആലപ്പുഴ | 36195 | 37403 | 34415 | 31724 | 32453 |
| എറണാകുളം | 3940 | 4052 | 4644 | 5950 | 4730 |
| തൃശ്ശൂർ | 23098 | 22274 | 24151 | 24625 | 21100 |
| പാലക്കാട് | 79201 | 82896 | 82912 | 81120 | 65513 |
| മലപ്പുറം | 6674 | 7549 | 8402 | 8687 | 7140 |
| കോഴിക്കോട് | 3511 | 2433 | 2321 | 2872 | 1987 |
| വയനാട് | 10230 | 11481 | 9690 | 9204 | 7822 |
| കണ്ണൂർ | 6684 | 5080 | 4955 | 5478 | 4671 |
| കാസർഗോഡ് | 3514 | 4205 | 2665 | 3843 | 2737 |
| **ആകെ** | **197277** | **199611** | **198159** | **196870** | **171398** |

### നെല്ലുത്പാദനം (ടണ്ണിൽ)

| ജില്ല | 2012-13 | 2015-16 |
|---|---|---|
| തിരുവനന്തപുരം | 4096 | 5453 |
| കൊല്ലം | 2928 | 3351 |
| പത്തനംതിട്ട | 6041 | 8396 |
| ഇടുക്കി | 3183 | 2198 |
| കോട്ടയം | 51019 | 49506 |
| ആലപ്പുഴ | 104593 | 89335 |
| എറണാകുളം | 8533 | 12652 |
| തൃശ്ശൂർ | 67569 | 78886 |
| പാലക്കാട് | 189229 | 228459 |
| മലപ്പുറം | 15377 | 23649 |
| കോഴിക്കോട് | 5326 | 3608 |
| വയനാട് | 28052 | 23704 |
| കണ്ണൂർ | 16237 | 11518 |
| കാസർഗോഡ് | 8116 | 8560 |
| **ആകെ** | **508299** | **549275** |

സെക്ഷൻ ഓഫീസർ

# അനുബന്ധം-2

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

* **സുസ്ഥിര നെൽകൃഷി**

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ ഈ ഘടകത്തിൽ 167487 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി 2012 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

* **വികസന ഏജൻസികൾക്കുള്ള ഫണ്ട്-**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.
(ഓണാട്ടുകര വികസന ഏജൻസി, തുറവൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി എറണാകുളം) ഈ ഘടകത്തിൽ ഇതുവരെ 4 ഏജൻസികൾക്കായി 104 ലക്ഷം രൂപ അനുവദിച്ചു.

* **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. ഈ ഘടകത്തിൽ 1190 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 106.2 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

* **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷം ഈ ഘടകത്തിൽ 81791.9 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി 269.9 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

* **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ഘടകത്തിൽ 2723.05 ഹെക്ടർ സ്ഥലത്ത് കരനെല്ല് ചെയ്യുന്നതിനു 349.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും നൽകുന്നു. 2017-18 വർഷത്തിൽ 2956.7 ഹെക്ടർ സ്ഥലത്താണ് തരിശു നിലത്തിലെ കൃഷി ഉദ്ദേശിച്ചിരുന്നത്. 5223 ഹെക്ടർ ഭൗതിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.പല ജില്ലകളിലും ലക്ഷ്യമിട്ടതിലും കൂടുതൽ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചു എന്നത് തന്നെ ഈ ഘടകത്തിന്റെ സ്വീകാര്യതയാണ്.

* **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2252.04 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി 86.48 ലക്ഷം രൂപ ചെലവഴിച്ചു.

* **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

* **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

* **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **റൈസ് മില്ലുകൾ സ്ഥാപിക്കൽ**

പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

* **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

* **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചന ത്തിനായി സൗജന്യ വൈദ്യുതി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ